File No.E2/79/2021-TC

23/3/2021

23/03/21

നമ്പർ.ഇ 2/79/2021/റ്റിസി

# ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

**തീയതി: 23/03/2021**

പ്രേഷകൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,
(1)എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും.
(2)എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.
(3)എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ[എൻഫോഴ്സ്മെന്റ്] മാരും
(4)എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – HRMP No.6565/19/ALPY – നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്..

സൂചന :- കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നിന്നുള്ള 03.03.2021 തീയതിയിലെ 6565/2019 നമ്പർ നോട്ടീസ്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. റെയിസിംഗ് ബൈക്കുകൾ റോഡപകടങ്ങൾ ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട് ഡോ. ജി. സാമുവൽ ബഹു.മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയിന്മേൽ സൂചന പ്രകാരം റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി.

പൊതുനിരത്തുകളിൽ അമിതവേഗതയിൽ പാഞ്ഞ് മറ്റ് റോഡ് ഉപയോക്താക്കൾക്ക് കൂടി അപകടം വരുത്തിവയ്ക്കുന്ന മേൽ സൂചിപ്പിച്ചിട്ടുള്ള വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇത്തരം വാഹനങ്ങൾ മറ്റു വാഹനങ്ങളുടെ ഇടതു വശത്തു കൂടി അമിത വേഗതയിൽ ഓവർ ടേക്ക് ചെയ്ത് അപകടം ക്ഷണിച്ചുവരുത്തുന്നതായും അനധികൃത രൂപമാറ്റം വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രായപൂർത്തിയാകാത്ത കുട്ടികളും ഇത്തരം വാഹനങ്ങൾ ഉപയോഗിക്കുന്നതായി പരാതിയിൽ സൂചിപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഇത്തരം നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിയമലംഘകർക്ക് റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതിനും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

Digitally signed by
T.C.VINESH
Date:Tue Mar 23 12:39:11 IST 2021
Reason: Approved

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
[എൻഫോഴ്സ്മെന്റ്],
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി